## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

### കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് കാലാവധി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1454 6.03.2020- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് കാലാവധി നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | നിലവിലെ നിയമങ്ങൾ പ്രകാരം 30 ദിവസത്തിനകം സെക്രട്ടറി പെർമിറ്റിനുള്ള അപേക്ഷയിൽ തീരുമാനം കൈക്കൊള്ളണം. അല്ലാത്ത പക്ഷം അപേക്ഷകന് ഭരണസമിതി മുമ്പാകെ അപേക്ഷ നൽകാവുന്നതും ഭരണസമിതി ഒരു മാസത്തിനകം തീരുമാനമെടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം അനുവാദം നൽകപ്പെട്ടതായി കരുതി അപേക്ഷകന് പണി ആരംഭിക്കാവുന്നതാണ്. |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി കെട്ടിട നിർമ്മാണത്തിന് അപേക്ഷ സമർപ്പിക്കുന്ന പൊതുജനങ്ങൾ ഇടനിലക്കാരെ ആശ്രയിക്കുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നതിനാൽ പ്രസ്തുത ആവശ്യത്തിനായി പൊതുജനങ്ങൾ നേരിട്ട് ഓഫീസിൽ എത്തിയാൽ ഉദ്യോഗസ്ഥരിൽ നിന്ന് | (ബി)<br>&<br>(സി) | കെട്ടിട നിർമ്മാണ അപേക്ഷകൾ എവിടെ നിന്നും ഓൺ ലൈൻ ആയി സമർപ്പിക്കുന്നതിനും പരിശോധിക്കുന്നതിനും അനുമതി നൽകുന്നതിനും സഹായിക്കുന്ന സോഫ്റ്റ്‌വെയറുകളാണ് IBPMS, സങ്കേതം, സുവേഗ എന്നിവ. പേപ്പർ വർക്കും പ്രോസ്സസ് ചെയ്യുന്നതിനുള്ള സമയവും കുറച്ച് കൊണ്ട് ലൈസൻസികളുടേയും ഉദ്യോഗസ്ഥരുടേയും സമയം ലാഭിക്കുന്നതിനു സഹായിക്കുകയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിശോധിക്കുന്നതിനുള്ള സങ്കീർണ്ണമായ |

| | | | |
|---|---|---|---|
| | അവർക്ക് മാന്യമായ പെരുമാറ്റം ലഭിക്കാതെയും, ഇല്ലാത്ത നിയമത്തിന്റെ പേരിൽ ഭയപ്പെടുത്തുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകുന്ന സാഹചര്യത്തിൽ ആയതിന് പരിഹാരം കണ്ടെത്തുമോ; | | പ്രക്രിയ automate ചെയ്യുകയും ചെയ്യുന്നു. ചട്ടങ്ങൾ ഒരു പോലെ വ്യാഖ്യാനിക്കപ്പെടുന്നതിലൂടെ അപ്രൂവൽ പ്രക്രിയയിൽ ഏകത്വം കൈവരിക്കുകയും അപേക്ഷകളുടെ പരിശോധനയും പെർമിറ്റ് നൽകലും ഓൺലൈൻ വഴി ആയതിനാൽ അംഗീകാരപ്രക്രിയയിൽ ബന്ധപ്പെട്ട എല്ലാ പങ്കാളികളും ഒരേ platform-ൽ വരികയും ചെയ്യുന്നു. ഇപ്രകാരം മാനുഷിക ഇടപെടലുകൾ കുറഞ്ഞതുകാരണം എല്ലാ തലത്തിലും അഴിമതി കുറയ്ക്കുവാൻ സാധിക്കുന്നു . അഴിമതിരഹിതമായി കെട്ടിട നിർമ്മാണ അപേക്ഷകൾ കൈകാര്യം ചെയ്യുവാൻ സാധിക്കുന്നതിലൂടെ പൊതുജനങ്ങൾക്ക് നേട്ടമുണ്ടാകുന്നു. |
| (സി) | സംസ്ഥാനത്ത് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുമ്പോൾ website കിട്ടാതെവരുന്നതായും മാന്വൽ ആയി സമർപ്പിക്കുന്നതിനേക്കാൾ കാലതാമസവും ചെലവും കൂടുന്നതായുമുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ